നം. ICDS A1/8622/19

വനിത ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
ഫോൺ: 0471-2346508
ഇ.മെയിൽ :
directorate.wcd@kerala.gov.in
തീയതി: 12.02.2021

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം : വനിത ശിശു വികസന വകുപ്പ് - അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ്, പ്രീസ്കൂൾ കിറ്റ് വാങ്ങൽ, അങ്കണവാടികളിലേക്കുള്ള ഫർണിച്ചർ വാങ്ങൽ എന്നീ ആവശ്യങ്ങൾക്കായി അനുവദിച്ച തുക വിനിയോഗം സംബന്ധിച്ച്.

സൂചന : 1. 27.08.2020 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
2. 27.08.2020 തീയതിയിലെ ICDS A1/8621/19 നമ്പർ ഉത്തരവ്.
3. 03.08.2020 തീയതിയിലെ ICDS A1/16577/19 നമ്പർ ഉത്തരവ്.
4. 18.11.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.
5. 31.12.2020 തീയതിയിലെ നം. ICDS A1/8621/19 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ്, പ്രീസ്കൂൾ കിറ്റ് വാങ്ങൽ തുടങ്ങിയ ആവശ്യങ്ങൾക്കായി അനുവദിച്ച തുക ടി വർഷം പൂർണ്ണമായി വിനിയോഗിക്കാത്ത അങ്കണവാടികൾക്ക് പ്രസ്തുത വാങ്ങൽ നടപടി പൂർത്തീകരിക്കുന്നതിന് 2020-21 സാമ്പത്തിക വർഷത്തെ ഫണ്ടിൽ നിന്നും തുക അനുവദിച്ച് സൂചന 1, 2 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് **31.12.2020** തീയതിയ്ക്കുള്ളിൽ വാങ്ങൽ നടപടികൾ പൂർത്തീകരിക്കുന്നതിനാണ് നിർദേശം നൽകിയിട്ടുള്ളത്. കൂടാതെ അങ്കണവാടികളിലേക്ക് അവശ്യമായ ഫർണിച്ചർ വാങ്ങുന്നതിന് സൂചന(3) പ്രകാരം ശിശു വികസന പദ്ധതി ഓഫീസർമാർക്ക് തുക അനുവദിക്കുകയും വാങ്ങൽ നടപടി **15.10.2020** തീയതിയ്ക്കകം പൂർത്തീകരിക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്.

എന്നാൽ വാങ്ങൽ നടപടി യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നേരിടുന്നതായി പ്രോഗ്രാം ഓഫീസർമാർ സമർപ്പിച്ച പുരോഗതി റിപ്പോർട്ടിൽ നിന്നും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റിവ് എക്സ്പെൻസ്, പ്രീസ്കൂൾ കിറ്റ്, ഫർണിച്ചർ തുടങ്ങിയ എല്ലാ ഇനങ്ങളുടെയും വാങ്ങൽ നടപടിക്രമം **31.12.2020** തീയതിയ്ക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനും ടി ആവശ്യത്തിലേക്കുള്ള തുക **15.01.2021** തീയതിയ്ക്കകം പൂർണ്ണമായും വിനിയോഗിക്കുന്നതിനും സൂചന(4) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സൂചന 1,2,3 ഉത്തരവുകൾ പ്രകാരം അനുവദിച്ച തുക വിനിയോഗിച്ച് വാങ്ങൽ നടപടി പൂർത്തീകരിച്ചതിനു ശേഷവും കൂടുതൽ തുക അവശേഷിക്കുന്ന പക്ഷം പ്രസ്തുത

തുക കൂടി തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് കൂടുതൽ പ്രീസ്കൂൾ കിറ്റ്/ കണ്ടിജൻസി/ ഫർണിച്ചർ സാധനങ്ങൾ നിലവിലെ ചട്ടങ്ങൾ പാലിച്ച് വാങ്ങുന്നതിനും സൂചന(5) പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

മേൽ ഇനങ്ങളുടെ വാങ്ങൽ പുരോഗതി വനിതാ ശിശു വികസന ഡയറക്ടർ 14.12.2020, 17.12.2020 തീയതികളിൽ ഓൺലൈൻ ആയി വിലയിരുത്തുകയുണ്ടായി. ടി മീറ്റിങ്ങിൽ പ്രീസ്കൂൾ കിറ്റ്/ കണ്ടിജൻസി/ ഫർണിച്ചർ സാധനങ്ങൾ തുടങ്ങിയവയുടെ വാങ്ങൽ നടപടി, തുക വിനിയോഗം എന്നിവ **31.01.2021 തീയതിയ്ക്കകം പൂർത്തീകരിക്കുന്നതിന് കർശന നിർദേശം നൽകിയിട്ടുണ്ട്.**

ടി സാഹചര്യത്തിൽ പ്രീസ്കൂൾ കിറ്റ്/ കണ്ടിജൻസി/ ഫർണിച്ചർ സാധനങ്ങൾ എന്നിവ വാങ്ങുന്നതിനായി അനുവദിച്ച തുകയുടെ വിനിയോഗം ചുവടെ ചേർത്തിട്ടുള്ള പ്രോഫോർമ പ്രകാരം എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരും **17.02.2021 തീയതിയ്ക്കകം പ്രോഗ്രാം ഓഫീസർക്ക് സമർപ്പിക്കേണ്ടതും പ്രോഗ്രാം ഓഫീസർ ആയത് ക്രോഡീകരിച്ച് 19.02.2021 തീയതിയ്ക്കുള്ളിൽ** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

**പ്രോഫോർമ 1. പ്രീസ്കൂൾ കിറ്റ് വാങ്ങൽ**

| ക്രമ.നം | ICDS പ്രോജക്ടിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാലൻസ് തുക | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |
| | **ആകെ** | | | | |

**പ്രോഫോർമ 2. കണ്ടിജൻസി സാധനങ്ങൾ വാങ്ങൽ**

| ക്രമ.നം | ICDS പ്രോജക്ടിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാലൻസ് തുക | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |
| | **ആകെ** | | | | |

**പ്രോഫോർമ 3. ഫർണിച്ചർ /ഉപകരണങ്ങൾ വാങ്ങൽ**

| ക്രമ.നം | ICDS പ്രോജക്ടിന്റെ പേര് | അനുവദിച്ച തുക | വിനിയോഗിച്ച തുക | ബാലൻസ് തുക | അഭിപ്രായം |
|---|---|---|---|---|---|
| | | | | | |
| | **ആകെ** | | | | |

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി